# صفة الحج

فضيلة الشيخ/

## محمد بن صالح العثيمين

رحمه الله

ترجمة

## محي الدين تاريود

(اللغة المليبارية)

# ഹജ്ജ് ഉംറ

ശൈഖ്:

## മുഹമ്മദ് സ്വാലിഹ്
## അൽഉസൈമീൻ (റ)

വിവർത്തനം

## കെ. എം. തരിയോട്

بسم الله الرحمن الرحيم

സർവ്വ സ്തുതിയും അല്ലാഹുവിനാണ്. രക്ഷയും സമാധാനവും അന്ത്യ പ്രവാചകൻ മുഹമ്മദ് നബിയിലും അദ്ദേഹത്തിൻെറ കുടുംബത്തിലും മഹത്തുക്കളായ അനുചര ന്മാരിലും വർഷിക്കുമാറാകട്ടെ.

ഹജ്ജിൻെറ സന്ദർഭമായതിനാൽ അതിനെ സംബന്ധിച്ച് ഒരു ലഘു വിവരണം സഹോദരങ്ങൾക്ക് വേണ്ടി ഞാൻ അവത രിപ്പിക്കുന്നു. എല്ലാവരുടെയും കർമ്മങ്ങൾ അല്ലാഹുവിന് നിഷ്കളങ്കവും ഫലപ്രദവും അവൻെറ സാമീപ്യവും ലഭിക്കുന്നതാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു അത്യുദാര നാണല്ലൊ.

**ഹജ്ജിനെ കുറിച്ചുള്ള വിവരണം ഈ കാര്യങ്ങളിൽ സംക്ഷേപിക്കാം:**

1 - യാത്രയുടെ വിധികൾ

2 - ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ടതെപ്പോൾ? നിർബ്ബന്ധമാർക്ക് ?

3- ഹജ്ജ്, ഉംറ ഉദ്ദേശിക്കുന്നയാൾ ഇഹ്റാം ചെയ്യേണ്ടത് എവിടെ നിന്ന് ?

4 അതിൻെറ ഇനങ്ങളേത്, അതിലേററവും ശ്രേഷ്ഠമായതേത്.

5- ഉംറയുടെ തുടക്കം മുതൽ ഹജ്ജ് അവസാനിക്കുന്നത് വരെയുള്ള കർമ്മ രൂപത്തിൻെറ ചുരുക്കം.

6- വിടവാങ്ങൽ ത്വവാഫ്

7- ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ

8- അവ ചെയ്യുന്നയാളുടെ വിധികൾ
9- മദീന പള്ളി സന്ദർശനം

# യാത്രയുടെ വിധികൾ

യാത്ര ഹജ്ജിന് അനിവാര്യമാണല്ലോ മാത്രമല്ല ഹജജ് തന്നെ ഒരു യാത്രയാണ്. അതിനാൽ യാത്രയുടെ ചില വിധികൾ ഇവിടെ പരാമർശിക്കുന്നത് പ്രധാനമാണ്. യാത്രയുമായി ബന്ധപ്പെട്ട ചില നിയമങ്ങ ളുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് നമസ്കാ രവുമായി ബനധപ്പെട്ടത്. അതിങ്ങനെ സംക്ഷേപിക്കാം

## 1) ശുദ്ധി

യാത്രക്കാരൻ വെള്ളം കൊണ്ട് വുദൂഅ് ചെയ്തും കുളിച്ചും ശുദ്ധിയാക്കൽ നിർബ്ബ ന്ധമാണ്. വെള്ളം ലഭിച്ചില്ലെങ്കിൽ തയമ്മും ചെയ്യണം. അതിനായി ഒരു പ്രാവശ്യം കൈകൾ മണ്ണിലടിച്ച് അവ കൊണ്ട് മുഖ വും കൈപടങ്ങളും മണികണ്ഠം വരെ

തടവണം. തയമ്മും കൊണ്ട് പൂർണ്ണമായ ശുദ്ധി ലഭിക്കുന്നതാണ്. വെള്ളം കൊണ്ടുള്ള ശുദ്ധി നഷ്ടപ്പെടുന്നവയുണ്ടാവുകയോ വെള്ളം ലഭിക്കുകയോ ചെയ്താലല്ലാതെ തയമ്മും നഷ്ടപ്പെടുകയില്ല. അപ്പോൾ ഒരാൾ ദുഹ്റ് നമസ്കാരത്തിന് വേണ്ടി തയമ്മും ചെയ്തു. അത് അസർ വരെ അവശേഷിച്ചാൽ വീണ്ടും തയമ്മും ചെയ്യാതെ അസർ നമസ്കരിക്കാം. അപ്രകാരം തന്നെ അത് മഅ്രിബോ ഇശാഓ വരെ അവശേഷിച്ചാൽ അവ നമസ്കരിക്കാൻ തയമ്മും ചെയ്യേണ്ടതില്ല.

യാത്രക്കാരന് വലിയ അശുദ്ധിയുണ്ടാവുകയും വെള്ളം ലഭിക്കാതാവുകയും ചെയ്താൽ തയമ്മും ചെയ്യണം. അതിനാൽ വലിയ അശുദ്ധിയില്ലാതാകും. വെള്ളം ലഭിച്ചാൽ വലിയ അശുദ്ധി തിരിച്ചു വരുന്നതും കുളിച്ചു ശുദ്ധിയാകൽ നിർബ്ബന്ധമവു

മാണ്. വിസർജ്ജനത്താൽ അശുദ്ധിയുണ്ടായാൽ വെള്ളമില്ലെങ്കിൽ തയമ്മും ചെയ്യണം. വെള്ളം കിട്ടിയാൽ അശുദ്ധി തിരിച്ചു വരുന്നതും വുദൂഅ് ചെയ്യൽ നിർബ്ബന്ധവുമാണ്. നബി(സ) പറഞ്ഞു: ശുദ്ധമായ ഉപരിതലം മുസ്‌ലിമിൻെറ വുദൂആണ്. വെള്ളം പത്ത് വർഷം ലഭിച്ചില്ലെങ്കിലും ശരി. അവന് വെള്ളം ലഭിച്ചാൽ അല്ലാഹുവിനെ സൂക്ഷിക്കുകയും ശരീരത്തിൽ അത് സ്പർശിക്കുകയും ചെയ്യട്ടെ.)) മറെറാരു ഹദീസിൽ (മുസ്‌ലിമിൻെറ ശുദ്ധീകരണം) എന്നുണ്ട്. (അഹ്മദ് 5- 155, 180 തുർമദി - ജനാബത്തുള്ളവൻ വെള്ളം ലഭിച്ചില്ലെങ്കിൽ തയമ്മും ചെയ്യണം എന്ന അദ്ധ്യായം - നമ്പർ 124 തിർമദി പറഞ്ഞു: ഈ ഹദീസ് ഹസനും സ്വഹീഹുമാണ്. )

ഖുഫ്ഫ(കാലുറ)യിൽ തടവൽ യാത്രക്കാരന് മൂന്ന് ദിവസവും നാട്ടിൽ താമസിക്കുന്നവന് ഒരു ദിവസവും അനുവദനീയമാണ്.

## 2) ഫർദ് നമസ്കാരം

യാത്രക്കാരന് നാട്ടിൽ നിന്ന് പുറപ്പെട്ടത് മുതൽ തിരിച്ചെത്തുന്നത് വരെ ദുഹ്ർ, അസർ, ഇശാഅ് എന്നിവ രണ്ട് റക്അ ത്താക്കി ചുരുക്കി നമസ്കരിക്കാവുന്നതാണ്. യാത്രയുടെ കാലം ദീർഘമായാലും കുറഞ്ഞ താണെങ്കിലും ശരി.

അനസ് ബ്നു മാലിക്(റ) പറഞ്ഞു: ഞങ്ങൾ നബി(സ)യോടൊപ്പം മദീനയിൽ നിന്ന് മക്ക യിലേക്ക് (ഹജ്ജതുൽ വിദാഅ്) പുറപ്പെട്ടു. മദീനയിലേക്ക് തിരിച്ചെത്തുന്നത് വരെയും ഈരണ്ട് റക്അത്ത് വീതമാണ് ഞങ്ങൾ നമസ്കരിച്ചത്. അപ്പോൾ അനസിനോട്

ചോദിക്കപ്പെട്ടു: നിങ്ങൾ എത്ര കാലം അവിടെ താമസിച്ചു? അദ്ദേഹം പറഞ്ഞു: അവിടെ പത്ത് ദിവസം താമസിച്ചു. ( ബുഖാരി- നമസ്കാരം ചുരുക്കുന്നതിൽ വന്നത് എന്ന അദ്ധ്യായം- ന: 1081)

ആയിഷ(റ)യിൽ നിന്ന്: അല്ലാഹു നമസ്കാരം നിർബ്ബന്ധമാക്കിയപ്പോൾ അത് നാട്ടിലുള്ളവർക്കും യാത്രക്കാർക്കും ഈരണ്ട് റക്അത്തുകളായാണ് നിർബ്ബന്ധമാക്കിയത്. അങ്ങനെ അത് യാത്രയിൽ നിലനിർത്തുകയും നാട്ടിലുള്ളവർക്ക് വർദ്ധിപ്പിക്കുകയും ചെയ്തു.(ബുഖാരി – അ: നമസ്കാരം നിർബ്ബന്ധമാക്കപ്പെട്ടതെങ്ങനെ ന:350) ബുഖാരിയുടെ മറെറാരു നിവേദനം: നമസ്കാരം ഈരണ്ട് റക്അത്തുകളായാണ് നിർബ്ബന്ധമാക്കപ്പെട്ടത്. പിന്നീട് നബി(സ) പലായനം ചെയ്തു. അതെ രൂപത്തിൽ ഈരണ്ടായിട്ട് യാത്രയിലെ നമസ്കാരം നിലനിർത്തി.

(ചരിത്രം എന്ന അദ്ധ്യായം- ന:3935) (യാത്ര യിലെ നമസ്കാരം ആദ്യം നിർബ്വന്ധമാക്ക പ്പെട്ട രൂപത്തിൽ നിലനിർത്തപ്പെട്ടു." (മുസ് ലിം- അദ്ധ്യായം: യാത്രക്കാരൻെറ നമസ് കാരം- ന: 685)

നബി(സ) യാത്രയിൽ ഒരു പ്രാവശ്യം പോ ലും പൂർത്തിയാക്കി നമസ്കരിച്ചത് ഉദ്ധ രിക്കപ്പെട്ടിട്ടില്ല. അതിനാൽ നാലു റക്അ ത്തുള്ള നമസ്കാരം യാത്രക്കാരന് രണ്ടായി ചുരുക്കൽ നിർബ്വന്ധമാണെന്ന് ധാരാളം പണ്ഡിതന്മാർ പറഞ്ഞു.

അബ്ദുറഹ്മാനു ബ്നു യസീദ്(റ) പറഞ്ഞു: ഉസ്മാൻ(റ) ഞങ്ങളെ കൊണ്ട് മിനയിൽ വെച്ച് നാല് റക്അത്തായി നമസ്കരിച്ചു. ഇത് അബ്ദുല്ലാഹി ബ്നു മസ്ഊദിനോട് പറയപ്പെട്ടപ്പോൾ അദ്ദേഹം ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ എന്ന്

ചൊല്ലി. ശേഷം അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ)യുടെ കൂടെ മിനയിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിച്ചു. അബൂബകറിൻെറ കൂടെ മിനയിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിച്ചു. ഉമറിൻെറ കൂടെ മിനയിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിച്ചു. എൻെറ വിഹിതം ഈ നാല് റക്അത്തിന് പകരം സ്വീകാര്യമായ രണ്ട് റക്അത്തായി രുന്നെങ്കിൽ എത്ര നന്നായിരുന്നു.( ബുഖാരി അ: മിനയിലെ നമസ്കാരം ന: 1084)

ഇവിടെ നമസ്കാരം പൂർത്തിയാക്കുന്നത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വിപത്തായി കണ്ടു. അദ്ദേഹം നബി(സ)യുടെയും രണ്ട് ഖലീഫമാരുടെയും സുന്നത്ത് അതിന് എതി രാണെന്ന് വ്യക്തമാക്കുകയും ചെയ്തു. ഉസ്മാൻ(റ) തൻെറ ഖിലാഫത്തിൻെറ ആറോ എട്ടോ വർഷം ചുരുക്കി നമസ്കരി ച്ചിരുന്നു. പിന്നീട് അദ്ദേഹം പൂർത്തിയാക്കി.

ഇബ്നുഉമർ(റ) പറഞ്ഞു: നബി(സ)യും അബൂബകറും ഉമറും ആറ് അല്ലെങ്കിൽ എട്ട് വർഷം ഉസ്മാനും മിനയിൽ വെച്ച് നിർവ്വഹിച്ചത് യാത്രക്കാരൻെറ നമസ്കാര മാണ്. (മുസ്ലിം - അ: മിനയിലെ നമസ്കാ രം ന: 694) അദ്ദേഹം പൂർത്തിയാക്കിയത് തൻെറതായ വ്യാഖ്യാനത്തിൻെറ അടിസ്ഥാ നത്തിലാണ്. അത് സംബന്ധിച്ച് പണ്ഡിത ന്മാർക്ക് വിവിധ വീക്ഷണങ്ങളും അഭിപ്രായ ങ്ങളുമുണ്ട്.

എന്നാൽ യാത്രക്കാരൻ പൂർത്തിയാക്കി നമസ്കരിക്കുന്ന ഇമാമിനെ തുടർന്നാൽ അയാളും പൂർത്തിയാക്കൽ നിർബ്ബന്ധമാണ്. മൂസ ബ്നു സലമത്തുൽ ഹദലീ ഇബ്നു അബ്ബാസിനോട് ചോദിച്ചു: ഞാൻ മക്കയിൽ വെച്ച് ഇമാമിനൊപ്പമല്ലെങ്കിൽ നമസ്കരി ക്കേണ്ടതെങ്ങനെ? അദ്ദേഹം പറഞ്ഞു: നബി (സ)യുടെ ചര്യ പ്രകാരം രണ്ട് റക്അത്ത്

നമസ്കരിക്കുക. (മുസ്ലിം -അ: യാത്രക്കാരുടെ നമസ്കാരവും അത് ചുരുക്കലും- ന: 688) നാഫിഅ് പറഞ്ഞു: ഇബ്നു ഉമർ(റ) ഇമാമിനൊപ്പം നമസ്കരിക്കുമ്പോൾ നാലായിട്ട് നമസ്കരിക്കും. തനിച്ച് നമസ്കരിക്കുന്നെങ്കിൽ രണ്ട് റക്അത്തായി നമസ്കരിക്കും. (മുസ്ലിം) യാത്രക്കാരൻ ഇമാമിനെ തുടർന്നത് നമസ്കാരത്തിൻെറ തുടക്കത്തിലായാലും ഇടയിലായാലും പൂർത്തിയാക്കണം. നബി(സ) പൊതുവായി പറഞ്ഞു: ഇമാമിൻെറ കൂടെ നിങ്ങൾക്ക് ലഭിച്ചത് നിങ്ങൾ നമസ്കരിക്കുക. നിങ്ങൾക്ക് നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക. (ബുഖാരി ന: 635, മുസ്ലിം ന:603 )

ദുഹ്റും അസ്വറും അല്ലെങ്കിൽ മഗ്രിബും ഇശാഉം ഒരുമിച്ച് ചേർത്ത് (ജംഅ്) നമസ്കരിക്കൽ യാത്രയിലായിരിക്കുമ്പാൾ സുന്നത്താണ്. ഇബ്നു അബ്ബാസ് (റ) പറഞ്ഞു: നബി

(സ) വാഹനത്തിലായിരിക്കുമ്പോൾ ദുഹ്റും അസ്വ്റും ഒരുമിച്ച് നമസ്കരിക്കുമായിരുന്നു. മഗ്രിബും ഇശാഉം ഒരുമിപ്പിക്കുകയും ചെയ്യും. ( ബുഖാരി – അ: മഗ്രിബും ഇശാഉം ഒരുമിച്ചുകൂട്ടൽ - ന: 1107) എന്നാൽ വാഹനത്തിൽ നിന്ന് ഇറങ്ങി താമസിക്കുമ്പോൾ നമസ്കാരം ഒരുമിപ്പിക്കാതിരിക്കലാണ് സുന്നത്ത്. കാരണം നബി(സ) മിനയിലായിരുന്നപ്പോൾ നമസ്കാരം ഒരുമിപ്പിച്ചിരുന്നില്ല. ഇനി ഒരുമിപ്പിച്ച് നമസ്കരിച്ചാൽ അതിന് വിരോധവുമില്ല. പ്രത്യേകിച്ചും വല്ല ജോലിയോ ഉറക്കമോ മറേറാ കാരണത്താൽ അത് ആവശ്യമാകുന്ന സന്ദർഭത്തിൽ. അബൂജുഹ്യ്ഫയിൽ നിന്ന്: നബി(സ) മക്കയിലെ അബ്ത്വഹയിലെ ഖുബ്ബയിൽ നിന്ന് പുറത്തേക്ക് വന്നു. അബൂജുഹ്യ്ഫ പറഞ്ഞു: അവിടുന്ന് കഠിന ചൂടുള്ള ഉച്ച സമയത്ത് ബത്ഹയിൽ പോയി. ശേഷം

വുദൂഅ് ചെയ്ത് ദുഹ്റ് രണ്ടു റക്അത്തും അസ്വ്റ് രണ്ടു റക്അത്തുമായി നമസ്കരിച്ചു. ... (ബുഖാരി– അ: വുദൂഇൻെറ ബാക്കി വെള്ളം ഉപയോഗിക്കൽ ന: 187, മുസ്ലിം - അ: നമസ്കരിക്കുന്നവൻെറ മറ ന: 503) ഇബ്നു അബ്ബാസ് (റ) പറഞ്ഞു: തബൂക്ക് യുദ്ധത്തിന് വേണ്ടിയുള്ള യാത്രയിൽ നബി (സ) ദുഹ്റും അസ്വ്റും ഒരുമിച്ചും മഗ്രിബും ഇശാഉം ഒരുമിച്ചും നമസ്കരിച്ചു. സഈദ്(റ) പറഞ്ഞു: ഞാൻ ഇബ്നു അബ്ബാസിനോട് ചോദിച്ചു: അതിന് പ്രേരിപ്പിച്ച കാര്യമെന്ത്? അദ്ദേഹം പറഞ്ഞു: അവിടുന്ന് സമുദായത്തെ ബുദ്ധിമുട്ടിക്കാതിരിക്കാൻ ഉദ്ദേശിച്ചു. ( മുസ്ലിം- അ: നാട്ടിൽ വെച്ച് രണ്ട് നമസ്കാരങ്ങൾ ഒരുമിച്ചു നിർവ്വഹിക്കൽ ന: 706) ഇതിന് സമാനമായ റിപ്പോർട്ട് മുആദുബ്നു ജബല(റ)ിൽ നിന്ന് നിവേദനം വന്നിട്ടുണ്ട്. (മുസ്ലിം ന: 706)

## 3) സുന്നത്ത് നമസ്കാരം

നാട്ടിലുള്ളവരെപ്പോലെ യാത്രക്കാർക്കും സുന്നത്ത് നമസ്കാരം നിയമമാണ്. അതിനാൽ യാത്രയിൽ നിശാ നമസ്കാരം, വിത്ർ, ദുഹാ, തഹിയ്യത്ത്, ഗ്രഹണ നമസ്കാരം എന്നിവ നമസ്കരിക്കണം. ഇബ്നുഉമർ (റ) പറഞ്ഞു: നബി(സ) ധൃതിയിൽ യാത്ര ചെയ്യുകയാണെങ്കിൽ മഗ്രിബ് പിന്തിക്കും. അദ്ദേഹം അത് മൂന്ന് റക്അത്തായി നമസ്കരിച്ച് സലാം വീട്ടും. ശേഷം അൽപ സമയമാകുമ്പോഴേക്കും ഇഖാമത്ത് വിളിച്ചു രണ്ട് റക്അത്തായി ഇശാഅ് നമസ്കരിക്കും. ഇശാക്ക് ശേഷം യാത്രയിലെ നിശാ നമസ്കാരം വരെ മറെറാരു സുന്നത്തും നമസ്കരിച്ചിരുന്നില്ല. (ബുഖാരി അ: യാത്രയിൽ മഗ്രിബ് മൂന്ന് റകഅത്തായി നമസ്കരിക്കൽ ന: 1091,1092 )

സഈദു ബ്ന് യസാർ (റ) പറഞ്ഞു: ഞാൻ ഇബ്നു ഉമറി(റ)ൻെറ കൂടെ മക്കയിലേക്കു ള്ള യാത്രയിലായിരുന്നു. സുബ്ഹി ആയേ ക്കുമെന്ന് ഭയപ്പെട്ടതിനാൽ ഞാൻ വാഹന ത്തിൽ നിന്ന് ഇറങ്ങി വിത്ർ നമസ്കരിച്ചു. ശേഷം ഞാൻ അദ്ദേഹത്തിൻെറ കൂടെ എത്തി. അപ്പോൾ അദ്ദേഹം ചോദിച്ചു: താങ്കൾ എവിടെയായിരുന്നു? ഞാൻ കാര്യം പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാ ഹുവിൻെറ പ്രവാചകനിൽ താങ്കൾക്ക് നല്ല മാതൃകയില്ലെ? ഞാൻ പറഞ്ഞു: അതെ, അല്ലാഹുവാണേ ഉണ്ട്. അദ്ദേഹം പറഞ്ഞു: തീർച്ചയായും നബി(സ) ഒട്ടകത്തിൽ ഇരുന്ന് വിത്ർ നമസ്കരിക്കുമായിരുന്നു. ( ബുഖാരി- അ: മൃഗത്തിൽ വെച്ച് വിത്ർ നമസ്കരി ക്കൽ ന: 999, മുസ്ലിം- അ: യാത്രയിൽ വാഹനത്തിൽ വെച്ച് സുന്നത്ത് നമസ്കരി ക്കാം. ന: 700)

അബ്ദുറഹ്മാനു ബ്നു അബീലൈലാ (റ) പറഞ്ഞു: നബി(സ) ദുഹാ നമസ്കരിക്കുന്നത് കണ്ടത് ഉമ്മു ഹാനിഅല്ലാതെ എന്നോട് പറഞ്ഞിട്ടില്ല. നബി(സ) മക്കാ വിജയ ദിനത്തി ൽ അവരുടെ വീട്ടിൽ പ്രവേശിക്കുകയും എട്ട് റകഅത്ത് നമസ്കരിക്കുകയും ചെയ് തു എന്ന് അവർ പറഞ്ഞു. (ബുഖാരി - റവാത്തിബല്ലാത്ത സുന്നത്ത് നമസ്കരിച്ചയാ ൾ- 1103, മുസ്ലിം - ദുഹാ നമസ്കാരം സുന്നത്താണ്- 336 )

അബൂ ഖതാദ(റ)യിൽ നിന്ന്: നബി(സ) പറ ഞ്ഞു: നിങ്ങളിലാരെങ്കിലും പള്ളിയിൽ പ്രവേ ശിച്ചാൽ രണ്ട് റകഅത്ത് നമസ്കരിക്കുന്നത് വരെ ഇരിക്കരുത്. (ബുഖാരി 444, മുസ്ലിം 714) ഗ്രഹണ നമസ്കാരത്തെ കുറിച്ച് പറയുന്ന ആയിഷയ(റ)ുടെ ഹദിസിൽ ഇപ്ര കാരമുണ്ട്: നബി(സ) പറഞ്ഞു: സൂര്യനും ചന്ദ്രനും അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങ

ളിൽ പെട്ട രണ്ട് ദൃഷ്ടാന്തമാണ്. ആരുടെ യെങ്കിലും മരണത്താലോ ജീവിതത്താലോ അതിന് ഗ്രഹണം സംഭവിക്കുകയില്ല. നിങ്ങ ൾ അവക്ക് ഗ്രഹണമുണ്ടായത് കണ്ടാൽ നിങ്ങൾ നമസ്കാരത്തിലേക്ക് ചെല്ലുക. (ബുഖാരി- ഗ്രഹണത്തിൽ ഇമാമിൻെറ ഖുത്തുബ- 1046, മുസ്‌ലിം - ഗ്രഹണ നമസ് കാരം 901) ഈ രണ്ട് ഹദീസുകളും പൊതു വായിട്ടുള്ളതാണ്. പ്രത്യേക സമയം നിർണ്ണ യിച്ചിട്ടില്ല. യാത്രയിലല്ലെന്നോ നാട്ടിലുള്ളവർ ക്കാണെന്നോ പ്രത്യേകമാക്കിയിട്ടുമില്ല.

ജാബിറി(റ)ൽ പറഞ്ഞു: നബി(സ) വാഹനത്തി ലായിരിക്കെ ഖിബ്‌ലയിലേക്കല്ലാതെ സുന്ന ത്ത് നമസ്കരിക്കാറുണ്ടായിരുന്നു. (ബുഖാരി- വാഹനത്തിൽ വെച്ച് സുന്നത്ത് നമസ്കരി ക്കൽ- 1094) ഈ ഹദീസിലെ സുന്നത്ത് നമസ്കാരം എന്ന പ്രയോഗം എല്ലാ സുന്ന ത്തുകളെയും ഉൾക്കൊള്ളുന്നതാണ്. നബി

(സ) ഉപേക്ഷിച്ചുവെന്ന് തെളിവുകളുള്ളത് മാത്രമെ അതിൽ നിന്ന് ഒഴിവാക്കപ്പെടുക യുള്ളൂ. അപ്രകാരം തെളിവുകൾ വന്നത് ദുഹ്ർ, മഗ്രിബ്, ഇശാഅ് എന്നിവയുടെ റവാത്തിബുകളിലാണ്. ഹഫ്സു ബ്നു ആ സിം(റ) പറഞ്ഞു: ഞാൻ ഇബ്നു ഉമറിൻെറ കൂടെ മക്കയിലേക്ക് യാത്ര ചെയ്തു. അ പ്പോൾ അദ്ദേഹം രണ്ട് റക്അത്ത് ദുഹ്ർ നമസ്കരിച്ചു. അദ്ദേഹം ഞങ്ങളിലേക്കും ഞങ്ങൾ അദ്ദേഹത്തിലേക്കും തിരിഞ്ഞു. അദ്ദേഹവും ഞങ്ങളും അവിടെ ഇരുന്നു. അപ്പോൾ അദ്ദേഹം നമസ്കരിച്ചിടത്തേക്ക് തിരിഞ്ഞുനോക്കി. അവിടെ ആളുകൾ നിൽ ക്കുന്നത് കണ്ട അദ്ദേഹം ചോദിച്ചു: അവ രെന്താണ് ചെയ്യുന്നത്?. ഞാൻ പറഞ്ഞു: സുന്നത്ത് നമസ്കരിക്കുന്നു. അദ്ദേഹം പറ ഞ്ഞു: സഹോദരപുത്രാ, ഞാൻ സുന്നത്ത് നമസ്കരിക്കുമായിരുന്നെങ്കിൽ നമസ്കാരം ഞാൻ പൂർത്തിയാക്കുമായിരുന്നു. ഞാൻ

നബി(സ)യോടൊപ്പം യാത്ര ചെയ്തിട്ടുണ്ട്. അവിടുന്ന് മരിക്കുന്നത് വരെയും രണ്ട് റക്അത്തിനേക്കാൾ വർദ്ധിപ്പിച്ചിട്ടില്ല. അപ്ര കാരം അബൂബകർ, ഉമർ, ഉസ്മാൻ എന്നി വരെ കുറിച്ചും അദ്ദേഹം പറഞ്ഞു: ശേഷം അദ്ദേഹം ഓതി: തീർച്ചയായും അല്ലാഹു വിൻെറ ദൂതനിൽ ഉത്തമമായ മാതൃക നിങ്ങൾക്കുണ്ട്. (അഹ്സാബ് 21) (മുസ്ലിം - യാത്രക്കാരുടെ നമസ്കാരം 689)

ഇവിടെ അദ്ദേഹം ഉദ്ദേശിച്ചത് ഫർദ് നമസ്കാരത്തിൻെറ പൂർത്തീകരണമായ റവാത്തിബ് സുന്നത്തുകളാണ്. കാരണം അദ്ദേഹം വാഹനത്തിൽ വെച്ച് സുന്നത്തും വിത്റും നമസ്കരിക്കുകയും അങ്ങനെ നബി(സ) നമസ്കരിച്ചിരുന്നുവെന്ന് പ്രസ്താ വിക്കുകയും ചെയ്തത് സ്വഹീഹായി വന്നി ട്ടുണ്ട്. നബി(സ) മഗ്രിബും ഇശാഉം ജംഅാ ക്കി നമസ്കരിച്ചത് മുമ്പ് വിവരിച്ചിട്ടുണ്ട്.

അത് അവിടുന്ന് അതിന്റെ കൂടെയുള്ള സുന്നത്ത് നമസ്കരിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്നുമുണ്ട്.

സുബ്ഹിയുടെ സുന്നത്ത് നാട്ടിലായാലും യാത്രയിലായാലും നമസ്കരിക്കണം. നബി (സ) അത് പോലെ മറ്റൊരു സുന്നത്ത് നമസ്കാരവും ശ്രദ്ധിച്ചിരുന്നില്ല. അദ്ദേഹം അത് ഒരിക്കലും ഉപേക്ഷിച്ചിരുന്നുമില്ല. ഇത് ആയിഷ(റ)യിൽ നിന്ന് ബുഖാരി നിവേദനം ചെയ്തിട്ടുണ്ട് ( ഫത്ഹ് 3: 42)

അബൂ ഖതാദ(റ)യിൽ നിന്ന്: അദ്ദേഹം നബി(സ)യോടൊപ്പമുണ്ടായിരുന്നു. സുബ്ഹി നമസ്കരിക്കാതെ സൂര്യോദയം വരെ ഉറങ്ങിപ്പോയ സംഭവം അദ്ദേഹം പറഞ്ഞു. അങ്ങനെ നബി(സ) അവരോട് അവിടെ നിന്ന് പുറപ്പെടാൻ പറഞ്ഞു. ശേഷം അവിടുന്ന് ഇറങ്ങുകയും വുദൂഅ് നിർവ്വഹിക്കുകയും

ചെയ്തു. ബിലാൽ ബാങ്ക് വിളിച്ചു. നബി (സ) രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നെ സുബ്ഹി നമസ്കരിച്ചു. സാധാരണ ചെയ്യുന്നത് പോലെ ചെയ്തു. ഇപ്രകാരം അബൂ ഹുറയ്റയിൽ നിന്നും മുസ്ലിം നിവേദനം ചെയ്തിട്ടുണ്ട് ( മുസ്ലിം- നഷ്ടപ്പെട്ട നമസ്കാരം നിർവ്വഹിക്കൽ 680, 681)

സുന്നത്ത് നമസ്കാരത്തെ സംബന്ധിച്ച് ഇത്രയും ദീർഘമായി പറഞ്ഞത് ചിലർ യാത്രക്കാരന് തീരെ സുന്നത്തില്ലെന്ന് ധരിച്ചത് കൊണ്ടാണ്. ദുഹ്ർ, മഗ്രിബ്, ഇശാഅ് എന്നിവയുടെ റവാത്തിബുകൾ നിർവ്വഹിക്കേണ്ടതില്ലെന്നതിനാണ് തെളിവുള്ളതെന്നും മററു സുന്നത്തുകൾ സാധാരണ പോലെ നിയമാനുസൃതം അവശേഷിക്കുമെന്നും മേൽ വിവരണത്തിൽ നിന്നും വ്യക്തമാണ്.

യാത്രക്കാരന് തൻെറ വാഹനം എങ്ങോട്ട് തിരിഞ്ഞാലും അതിൽ വെച്ച് സുന്നത്ത് നമസ്കരിക്കാം. അത് ഖിബ്‌ലയുടെ ദിശയിലേക്കല്ലെങ്കിലും. ജാബിർ (റ) പറഞ്ഞു: നബി (സ) വാഹനത്തിൽ വെച്ച് കിഴക്കോട്ട് തിരിഞ്ഞു നമ്സകരിച്ചിരുന്നു. ഫർദ് നമസ്കരിക്കാൻ ഉദ്ദേശിച്ചാൽ അദ്ദേഹം ഇറങ്ങുകയും ഖിബ്‌ലയിലേക്ക് തിരിഞ്ഞു നമസ്കരിക്കുകയും ചെയ്യും. (ബുഖാരി – ഫർദിന് വേണ്ടി ഇറങ്ങൽ 1099)

**യാത്രാ നിയമങ്ങളിൽ പെട്ടതാണ്**: സഹയാത്രികരുണ്ടാവൽ. അത് ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ഏകാന്തയില്ലാതിരിക്കാനും ഉപകരിക്കും. അതിനാൽ ആവശ്യമുണ്ടായാലോ അല്ലാഹുവിൻെറ മാർഗ്ഗത്തിലെ സമരം പോലെ മതപരമായ നന്മയുണ്ടായാലോ അല്ലാതെ ഏകനായി യാത്ര ചെയ്യൽ അനുയോജ്യമല്ല. ഇബ്നുഉമർ (റ) നിവേദ

നം: നബി(സ) പറഞ്ഞു: ഏകാന്തതയിലുള്ള കാര്യം ഞാൻ അറിയുന്ന പോലെ ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ ആരും രാത്രി തനിച്ച് യാത്ര ചെയ്യുമായിരുന്നില്ല. (ബുഖാരി – തനി ച്ചുള്ള യാത്ര 2998) യാത്രക്കാരൻ തൻെറ നാമവും അഡ്രസ്സും സ്ഥിരീകരിക്കുന്ന രേഖ സൂക്ഷിക്കുന്നത് ആവശ്യമാണ്. വല്ല അപക ടമോ മറേറാ സംഭവിച്ചാൽ ആളെ അറിയാ ൻ സാധിക്കുമല്ലൊ.

**യാത്രാ നിയമങ്ങളിൽ പെട്ടതാണ്**: സ്ത്രീ മഹ്റമിനോടൊപ്പമല്ലാതെ യാത്ര ചെയ്യാതി രിക്കൽ. അത് വിദൂരത്തേക്കാണെങ്കിലും അടുത്തേക്കാണെങ്കിലും ശരി. അത് ഹജ്ജി നാണെങ്കിലും അല്ലെങ്കിലും തുല്ല്യമാണ്. അവൾ സുന്ദരിയായ യുവതിയാണെങ്കിലും വൃദ്ധയാണെങ്കിലും അവളോടൊപ്പം ബന് ധുക്കളിലോ കൂട്ടുകാരികളിലോ പെട്ട സ്ത്രീ കളുണ്ടായാലും ഇല്ലെങ്കിലും ശരി. അവൾ

ക്ക് സുരക്ഷിതിത്വമുണ്ടാവുമെന്ന് മികച്ച ധാരണയുണ്ടെങ്കിലും ഇല്ലെങ്കിലും സമമാണ്. അത് വിമാനത്തിലായാലും അല്ലെങ്കിലും വ്യത്യാസമില്ല.

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: നബി(സ) ഖുത്ബ പറയുന്നത് ഞാൻ കേട്ടു. അവിടുന്ന് പറഞ്ഞു: ഒരു പുരുഷനും സ്ത്രീയും മഹ്റമ് ഒപ്പമില്ലാതെ തനിച്ചാവരുത്. ഒരു സ്ത്രീയും മഹ്റമിനോടപ്പമല്ലാതെ യാത്ര ചെയ്യരുത്. അപ്പോൾ ഒരാൾ എഴുന്നേററ് ചോദിച്ചു: അല്ലാഹുവിൻെറ റസൂലെ, എൻെറ ഭാര്യ ഹജ്ജിന് പുറപ്പെട്ടിരിക്കുന്നു. എന്നെ ഇന്ന യുദ്ധത്തിൽ നിശ്ചയിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അപ്പോൾ നബി (സ) പറഞ്ഞു: നീ പോയി ഭാര്യയോടൊപ്പം ഹജ്ജ് ചെയ്യുക. (ബുഖാരി- ഒരു പുരുഷനും സ്ത്രീയുമായി മഹ്റമില്ലാതെ തനിച്ചാവരുത്. 5233, മുസ്ലിം- സ്ത്രീ ഹജ്ജിനോ

മറേറാ മഹ്റമിൻെറ കൂടെ യാത്ര ചെയ്യൽ 1341) ഇവിടെ നബി(സ) സ്ത്രീ മഹ്റമിൻെറ കൂടെയല്ലാതെ യാത്ര ചെയ്യുന്നത് വിരോധിച്ചത് പൊതുവായിട്ടാണ്. യാത്രയെയോ സ്ത്രീയെയോ അവസ്ഥയെയോ പ്രത്യേകമാക്കിയിട്ടില്ല. അയാളോട് ഭാര്യയെ സംബന്ധിച്ച വിശദീകരണം ചോദിച്ചതുമില്ല.

മഹ്റമ് എന്നാൽ സ്ത്രീയുടെ ഭർത്താവും കുടുംബ(രക്ത) ബന്ധത്താലോ മുലകുടി ബന്ധത്താലോ വിവാഹ ബന്ധത്താലോ അവളെ വിവാഹം ചെയ്യൽ ശാശ്വതമായി നിഷിദ്ധമായവരും ആണ്. മുലകുടിയാലും കുടംബ ബന്ധത്താലും നിഷിദ്ധമാകുന്നവർ ഏഴാളുകളാണ്. പിതാവ്, പ്രപിതാവ്, അയാൾ എത്ര മുകളിലുള്ളയാളായാലും. മകൻ, പൗത്രൻ, അവൻ എത്ര താഴെയുള്ളവനായാലും സഹോദരനും, സഹോദരപുത്രനും, അവൻ എത്ര താഴെയുള്ളവനായാലും

സഹോദരി പുത്രൻ, അവൻ എത്ര താഴെ യുള്ളവനാണെങ്കിലും പിതൃവ്യൻ, അയാൾ എത്ര മുകളിലുള്ളയാളാണെങ്കിലും മാതൃ സഹോദരൻ, അയാൾ എത്ര മേലെയുള്ളവ നാണെങ്കിലും.

വിവാഹ ബന്ധത്തിലുള്ള മഹ്റമുകൾ നാലാണ്. ഭർതൃ പിതാവ്, അയാൾ എത്ര മുകളിലുള്ളയാളായാലും. അവളുടെ ഭർതൃ സന്തതികൾ, അവരെത്ര താഴെയുള്ളവരാ യാലും അവളുടെ മകളുടെ ഭർത്താവ്, ആ മകൾ എത്ര താഴെയുള്ളവളായാലും. ഭാര്യമാതാവിൻെറ ഭർത്താവ്, ആ മാതാവ് എത്ര മേലെയുള്ളവളായാലും, അയാൾ ആ മാതാവുമായി ലൈംഗീക ബന്ധം നടന്നിരി ക്കണമെന്ന് നിബന്ധനയുണ്ട് .

മഹ്റമ് ബുദ്ധിയുള്ളവനും പ്രായപൂർത്തിയാ യവനുമായിരിക്കണം. ഭ്രാന്തനോ കുട്ടിയോ

ആണെങ്കിൽ യാത്ര അനുവദനീയമാകാൻ മതിയാവുകയില്ല.

മേൽ പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ ഒരു സ്ത്രീക്ക് മഹ്റമിനെ ലഭിച്ചില്ലെങ്കിൽ ഹജ്ജ് അവൾക്ക് നിർബ്ബന്ധമില്ല. കാരണം ഹജ്ജി ന് വേണ്ട കഴിവ് അവൾക്കില്ല.

## ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ടതെപ്പോൾ?

അത് നിർബ്ബന്ധമാക്കപ്പെട്ടത് ഹിജ്റ ഒമ്പ തിലോ പത്തിലോ ആണ്. ഇതാണ് പ്രബലാ ഭിപ്രായം. അല്ലാഹു അത് നിർബ്ബന്ധമാ ക്കിക്കൊണ്ട് പറഞ്ഞു: ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതി ലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു.( ആലു ഇംറാൻ: 97) ദൗത്യ സംഘങ്ങൾ നബി(സ)

യുടെ അടുക്കൽ വന്നുകൊണ്ടിരുന്ന ഹിജ്റ ഒമ്പതാം വർഷത്തിൻെറ പ്രാരംഭത്തിലാണ് പ്രസ്തുത സൂറത്ത് അവതരിച്ചത്. അത് നിർബ്ബന്ധമാകൽ വൈകാനുള്ള കാരണം ആ വർഷത്തിന് മുമ്പ് മക്ക ഖുറയ്ഷിക ളുടെ അധികാരത്തിലായിരുന്നു. അപ്പോൾ പരിപൂർണ്ണമായ രൂപത്തിൽ ഹജ്ജ് നിർവ്വഹി ക്കാൻ മുസ്ലിംകൾക്ക് സാധിക്കുമായിരു ന്നില്ല. അതിന് മുമ്പ് ഹിജ്റ ആറാം വർഷം ഉംറക്ക് ചെന്ന നബി(സ)യെയും അനുചര ന്മാരെയും ഹുദയ്ബിയ്യയിൽ വെച്ച് അവർ തടയുകയും ഉംറ പൂർത്തിയാക്കാൻ സാധി ക്കാതെ വരികയും ചെയ്തിരുന്നല്ലോ.

ഹജ്ജ് പ്രായപൂർത്തിയും ബുദ്ധിയുമുള്ള സാമ്പത്തികമായും ശാരീരികമായും കഴിവു മുള്ള എല്ലാ മുസ്ലിംകൾക്കും നിർബ്ബന്ധ മാണ്.

പ്രായം തികയാത്തവർക്ക് ഹജ്ജ് നിർബ്വന്ധമില്ല. എന്നാൽ അയാളുടെ ഹജ്ജ് സാധുവാകുന്നതും സുന്നത്തിൻെറ പ്രതിഫലം ലഭിക്കുന്നതുമാണ്. അയാൾക്ക് പ്രായപൂർത്തിയായാൽ നിർബ്വന്ധമായ ഹജ്ജ് ചെയ്യേണ്ടതുമാണ്. കാരണം അയാൾ ചെയ്ത ഹജ്ജ് അതിനുള്ള നിർബ്വന്ധ കൽപന അയാൾക്ക് ബാധകമാവുന്നതിൻെറ മുമ്പാണ്. ഫർദ് നമസ്കാരം സമയമാവുന്നതിന് മുമ്പ് നിർവ്വഹിക്കുന്നത് പോലെയാണത്.

ഹജ്ജിന് സാമ്പത്തികമായി കഴിയാത്ത ദരിദ്രനെപ്പോലെയുള്ളവർക്ക് അത് നിർബ്വന്ധമില്ല. കാരണം അല്ലാഹു പറഞ്ഞു: അതിന് വഴിയാൽ കഴിവുള്ളവന്.) അപ്പോൾ ഇയാൾക്ക് കഴിവില്ലാത്തത് കൊണ്ട് അത് നിർബ്വന്ധമില്ല.

**ശാരീരികമായി മാത്രം കഴിവില്ലാത്തയാൾ:** വാർദ്ധക്യം, സ്ഥിര രോഗം പോലെയുള്ള സുഖപ്പെടുമെന്ന് പ്രതീക്ഷയില്ലാത്ത ദുർബ്ബല തയാണെങ്കിൽ അയാൾ തനിക്ക് വേണ്ടി അത് പകരം ചെയ്യാൻ മറെറാരാളെ ഏൽപിക്കേണ്ടതാണ്. സുഖമാവുമെന്ന് പ്രതീ ക്ഷിക്കപ്പെടുന്ന കഴിവില്ലായ്മയാണെങ്കിൽ സുഖപ്പെടും വരെ കാത്തിരിക്കുകയും ശേ ഷം അയാൾ അത് ചെയ്യുകയും വേണം. അത് ചെയ്യുന്നതിന് മുമ്പ് അയാൾ മരണപ്പെട്ടാൽ അയാളുടെ അനന്തര സ്വത്തി ൽ നിന്ന് അയാൾക്ക് വേണ്ടി അത് നിർവ്വഹിക്കപ്പെടണം.

ഹജ്ജ് നിർബ്ബന്ധമായാൽ അത് നിർവ്വഹി ക്കുന്നതിൽ ധൃതി കാണിക്കേണ്ടതാണ്. കാ രണം അല്ലാഹുവിൻെറയും നബി(സ)യുടെ യും കൽപനകൾ കാലം നിർണ്ണയിക്കപ്പെടാ തിരിക്കുകയും അത് സാവകാശം നൽകപ്പെ

ട്ടതാണെന്ന് തെളിവുകളിലില്ലാതിരിക്കുകയും ചെയ്താൽ അത് ധൃതിയിൽ ചെയ്യേണ്ടതാണ്. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: നിങ്ങൾ നിർബ്ബന്ധമായ ഹജ്ജ് ചെയ്യുന്നതിൽ ധൃതി കാണിക്കുക. നിങ്ങളിലൊരാൾ തനിക്ക് വരാനിരിക്കുന്നതെന്തായിരിക്കുമെന്ന് അറിയില്ലല്ലൊ (അഹ്മദ് 1:313 ഇതിൻെറ പരമ്പരക്ക് ദുർബ്ബലതയുണ്ട്) മാത്രമല്ല അത് ധൃതിയിൽ ചെയ്യേണ്ടതാണെന്നതിനെ പൊതു തെളിവുകളും ബലപ്പെടുത്തുന്നു.

# ഇഹ്റാം ചെയ്യേണ്ട സ്ഥലം?

ഹജ്ജോ ഉംറയോ ചെയ്യുന്നയാൾ നബി(സ) നിശ്ചയിച്ച (മീഖാത്ത്) സ്ഥലത്ത് വെച്ച് ഇഹ്റാമിൽ പ്രവേശിക്കണം. അത് അഞ്ച് സ്ഥലങ്ങളാണ്.

**1- ദുൽഹുലൈഫ:** ഇതിന് അബ്യാർ അലി എന്നും നാമമുണ്ട്. അത് മദീനക്കാരുടെയും മദീനക്കാരല്ലാത്ത അതിലെ പോവുന്നവരുടെയും മീഖാത്താണ്.

**2- ജുഹ്ഫ:** അത് പഴയ തകർന്ന് പോയ ഒരു ഗ്രാമമാണ്. ജനങ്ങൾ അതിന് പകരം പുതിയതുണ്ടാക്കിയതാണ് റാബഗ്. അത് സിറിയക്കാരുടെയും അവരല്ലാത്ത അതിലെ പോകുന്നവരുടെയും മീഖാത്താണ്. അവർ

അതിന് മുമ്പ് ദുൽഹുലൈഫയിലൂടെ പോയിട്ടില്ലെങ്കിലാണത്.

**3- യലംലം**: തിഹാമയിലെ ഒരു മലമ്പ്രദേശമാണത്. സഅ്ദിയ്യ എന്നും അതിന് പേരുണ്ട്. അത് യമൻകാർക്കും അവരല്ലാത്ത അതിലെ കടന്നു പോകുന്നവർക്കുമുള്ളതാണ്.

**4- ഖർനുൽ മനാസിൽ**: (ത്വാഇഫ്) സയ്ൽ എന്നും പേരുണ്ട്. നജ്ദുകാർക്കും അവരല്ലാത്ത അതിലെ പോകുന്നവർക്കുമുള്ളതാണത്.

**5- ദാത്തു ഇർഖ്**: ദുറയ്ബ എന്നും പേരുണ്ട്. അത് ഇറാഖുകാർക്കും അവരല്ലാത്ത അതിലെ പോകുന്നവർക്കുമുള്ളതാണ്.

പ്രസ്തുത മീഖാത്തുകളിലൂടെ ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് കടന്നുപോകുന്നവരൊക്കെ

അവിടെ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ നിർബ്ബന്ധമാണ്.

വായുവിലൂടെയോ സമുദ്രത്തിലൂടെയോ യാത്ര ചെയ്യുന്നവർ അതിന് നേരെ എത്തു മ്പോൾ ഇഹ്റാമിൽ പ്രവേശിക്കൽ നിർബ്ബ ന്ധമാണ്. എയർ പോർട്ടിൽ ഇറങ്ങുന്നതോ തുറമുഖത്തെത്തുന്നതോ വരെ അത് താമ സിപ്പിക്കൽ അനുവദനീയമല്ല. അത് അല്ലാ ഹുവിൻെറ നിയമ പരിധികളെ ലംഘിക്കുന്ന തിൽ പെട്ടതാണ്. അല്ലാഹു പറഞ്ഞു: അല്ലാ ഹുവിൻെറ പരിധികൾ ലംഘിക്കുന്നവർ അവർ തന്നെയാണ് അക്രമികൾ. (അൽ ബഖറ: 229)

മക്കയിൽ നിന്ന് മീഖാത്തിനുള്ളിലുള്ളവർ അവരുടെ സ്ഥലത്ത് വച്ച് ഇഹ്റാമിൽ പ്രവേശിക്കണം. മക്കക്കാർ മക്കയിൽ വെച്ച് ഇഹ്റാം ചെയ്യണം. എന്നാൽ അവർ ഉംറ

ക്ക് വേണ്ടി ഹറമിൻെറ പുറത്തേക്ക് പോകേണ്ടതാണ്. അത് മൈലുകൾക്ക് അപ്പുറത്തായാലും. നബി(സ) അബ്ദു റഹ്മാനുബ്നു അബൂബകറിനോട് ഇങ്ങനെ പറഞ്ഞു: നിൻെറ സഹോദരി (ആയിഷ)യെ ഹറമിന് പുറത്തേക്ക് കൊണ്ടു പോവുക, എന്നിട്ട് അവൾ ഉംറക്ക് ഇഹ്റാം ചെയ്യട്ടെ. (ബുഖാരി കിതാബുൽ ഹജ്ജ് 1560, മുസ്ലിം ഇഹ്റാമിൻെറ രൂപങ്ങളുടെ വിവരണം 1211)

ഹജ്ജോ ഉംറയോ ഉദ്ദേശമില്ലാതെ കച്ചവടത്തിനോ ബന്ധുക്കളെ സന്ദർശിക്കാനോ പഠനത്തിനോ മറേറാ വേണ്ടി മക്കയിലേക്ക് പോവുന്നയാൾക്ക് ഇഹ്റാം ചെയ്യൽ നിർബ്ബന്ധമില്ല. കാരണം ഹജ്ജും ഉംറയും ജീവിതത്തിൽ ഒരു പ്രാവശ്യമെ നിർബ്ബന്ധമുള്ളൂ. ഹജ്ജിനോ ഉംറക്കോ വേണ്ടിയല്ലാതെ ഇഹ്റാമുമില്ല.

# ഹജ്ജിൻെറ ഇനങ്ങൾ

## തമത്തുഅ് - ഇഫ്റാദ് - ഖിറാൻ

തമത്തുഅ്: ഹജ്ജിൻെറ മാസങ്ങളിൽ (ശവ്വാൽ മാസമായ ശേഷം) ഉംറക്ക് മാത്രമായി ഇഹ്റാം ചെയ്ത് അതിൽ നിന്ന് വിരമിക്കുക. ശേഷം ആ വർഷം തന്നെ ഹജ്ജിന് ഇഹ്റാം ചെയ്യുക.

ഖിറാൻ: ഹജ്ജും ഉംറയും ഒരുമിച്ച് ഇഹ്റാം ചെയ്യുക. അല്ലെങ്കിൽ ആദ്യം ഉംറക്ക് ഇഹ്റാം ചെയ്യുകയും അതിൻെറ ത്വവാഫ് തുടങ്ങുന്നതിൻെറ മുമ്പ് അതിൽ ഹജ്ജിനെ പ്രവേശിപ്പിക്കുകയും ചെയ്യുക.

<u>ഇഫ്റാദ്:</u> ഹജ്ജിന് മാത്രമായി ഇഹ്റാം ചെയ്യുക.

ഈ മൂന്നിൽ ഏതും തെരഞ്ഞെടുക്കാമെന്ന തിൽ ഭൂരിപക്ഷ പണ്ഡിതന്മാരും യോജി ക്കുന്നു. എന്നാൽ അതിലേററവും ശ്രേഷ്ഠ ത ഏതിനാണെന്നതിൽ ഭിന്നിക്കുകയും ചെയ്തിരിക്കുന്നു. ഏററവും ശ്രേഷ്ഠമായത് തമത്തുആണെന്നാണ് പ്രബലം. നബി (സ) തമത്തുഅ് ചെയ്യാൻ സ്വഹാബികളോട് കൽ പിക്കുകയും അത് പ്രോൽസാഹിപ്പിക്കുകയും ചെയ്തു. അതിൽ കർമ്മങ്ങൾ കൂടുതലു ണ്ട്. അതിൽ ഉംറയുടെ കർമ്മങ്ങൾ പൂർണ്ണ മായും ഹജ്ജിൻെറ കർമ്മങ്ങൾ പൂർണ്ണമാ യും നിർവ്വഹിക്കപ്പെടണം. അത് മക്കയിലേ ക്ക് നേരത്തെ എത്തുന്നവർക്ക് സൗകര്യവു മാണ്. അയാൾക്ക് ഉംറയുടെയും ഹജ്ജി ൻെറയും ഇടയിൽ ഇഹ്റാമിലല്ലാതെ കഴിയാൻ സമയം ലഭിക്കുന്നു.

നന്ദി പ്രകടിപ്പിക്കാൻ വേണ്ടി ബലി (ഹദ്‌യ്) അറുക്കൽ തമത്തുഅ് രൂപത്തിൽ ഹജ്ജ് ചെയ്യുന്നവർക്ക് നിർബ്ബന്ധമാണ്. അത് വീഴ്ച പരിഹരിക്കാനുള്ള ബലിയല്ല. ഉദ്ഹിയ്യത്തിന് മതിയാവുന്ന ആടോ ഒരു ഒട്ടകത്തിൻെറ ഏഴിലൊന്നോ മാടിൻെറ ഏഴിലൊന്നോ അതിന് മതിയാകുന്നതാണ്. പെരുന്നാളിലോ അടുത്ത മൂന്ന് ദിവസങ്ങളി ലോ ബലി അറുക്കണം. അത് മിനയിലോ മക്കയിലോ ഉള്ളവർക്ക് വിതരണം ചെയ്യു കയും സ്വന്തം ഭക്ഷിക്കുകയും ചെയ്യുക. ബലി അറുക്കാൻ സാധിക്കില്ലെങ്കിൽ പെരു ന്നാളിന് ശേഷമുള്ള മൂന്ന് ദിവസങ്ങളിൽ മൂന്ന് വ്രതവും നാട്ടിലേക്ക് തിരിച്ചു പോയ ശേഷം ഏഴ് നോമ്പും അനുഷ്ഠിക്കേണ്ട താണ്. ഖിറാനായി ഹജ്ജ് ചെയ്യുന്നയാൾ ക്കും ബലി അറുക്കൽ അല്ലെങ്കിൽ അതിന് പകരം ചെയ്യൽ നിർബ്ബന്ധമാണ്.

## തമത്തുഇൻെറ രൂപം

# ഉംറയുടെ രൂപം

1-ഉംറക്ക് ഇഹ്റാം ചെയ്യാനുദ്ദേശിച്ചാൽ വസ്ത്രമഴിച്ച് ഇഹ്റാമിന് വേണ്ടി ജനാബ ത്തിനെന്ന പോലെ കുളിക്കുക. താടിയിലും തലയിലും സുഗന്ധം ഉപയോഗിക്കാം.

ശേഷം ഇഹ്റാമിന് വേണ്ടി പുരുഷൻ വെള്ളത്തുണി ഉടുക്കുകയും മേൽമുണ്ട് പുതക്കുകയും ചെയ്യുക.

2- ഫർദിൻെറ സമയമാണെങ്കിൽ അത് നമസ്കരിക്കണം. അല്ലെങ്കിൽ വുദൂഇൻെറ സുന്നത്ത് നിയ്യത്ത് ചെയ്തുകൊണ്ട് രണ്ട് റക്അത്ത് നമസ്കരിക്കണം. നബി(സ)യിൽ

നിന്ന് ഇഹ്റാമിന് വേണ്ടി പ്രത്യേക നമസ്കാരം സ്ഥിരപ്പെട്ടിട്ടില്ല.

3- നമസ്കാരം കഴിഞ്ഞാൽ (ലബ്ബയ്ക ഉംറത്തൻ എന്ന് ഉൾപ്പെടുത്തി) ഉംറ ഉദ്ദേ ശിച്ച് ഇഹ്റാമിനായി തൽബിയത്ത് ചൊല്ല ണം: لبيك اللهم لبيك، لبيك لاشريك لك لبيك، ان الحمد والنعمة لك والملك، لاشريك لك لبيك اللهم عمرة

**( ലബ്ബയ്ക അല്ലാഹുമ്മ ലബ്ബയ്ക്, ലബ്ബയ്ക ലാശരീക ലക ലബ്ബയ്ക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്, ലാശരീക ലക് - ലബ്ബയ്ക അല്ലാഹുമ്മ ഉംറ: )**

" അല്ലാഹുവെ നിൻെറ വിളിക്കിതാ ഞാനു ത്തരം ചെയ്തിരിക്കുന്നു. നിൻെറ വിളികേട്ട് ഞാനെത്തിയിരിക്കുന്നു. നിനക്കൊരു പങ്കു

കാരുമില്ല. നിൻെറ വിളിക്ക് ഞാനുത്തരം ന ൽകിയിരിക്കുന്നു. എല്ലാ സ്തുതിയും അനു ഗ്രഹവും നിനക്ക്. രാജാധികാരവും നിനക്ക് തന്നെ. തീർച്ച. നിനക്ക് പങ്കാളിയായി ആരുമില്ല. ”

തൽബിയത്ത് പുരുഷൻ ഉച്ചത്തിലും സ്ത്രീ പതുക്കെയും ചൊല്ലണം.

അത് ത്വവാഫ് തുടങ്ങുന്നത് വരെ ആവർ ത്തിച്ച് ചൊല്ലിക്കൊണ്ടിരിക്കണം. ത്വവാഫ് ആരംഭിച്ചാൽ അത് അവസാനിപ്പിക്കണം.

4- മക്കയിലെത്തിയാൽ ത്വവാഫ് ചെയ്യണം.

ത്വവാഫ് ആരംഭിക്കുന്നതിന് വേണ്ടി ഹജറു ൽ അസ്വദിൻെറ അടുത്ത് ചെല്ലുക. സാധിക്കുമെങ്കിൽ മററുള്ളവരെ തിരക്കാതെ ഹജറുൽ അസ്വദിനെ ചുംബിക്കുക. അല്ലെ ങ്കിൽ വലതുകൈ കൊണ്ട് അതിനെ സ്പർശിക്കുക. അതിന് സാധിക്കില്ലെങ്കിൽ

ഹജറുൽ അസ്‌വദിലേക്ക് കൈ കൊണ്ട് ആംഗ്യം കാണിക്കുക.

തക്ബീർ ചൊല്ലുക., പിന്നീട് കഅ്ബയെ ഇടത് ഭാഗത്താക്കി അതിനെ ചുററുക. ഹജറുൽ അസ്‌വദിന് തൊട്ട് മുമ്പുള്ള റുക്നുൽ യമാനി എന്ന മൂല എത്തിയാൽ സൗകര്യപ്പെട്ടാൽ അത് സ്പർശിക്കുക. അവിടെ ചുംബനം ഇല്ല.

ഏഴ് തവണ ചുററുക. ആദ്യത്തെ മൂന്ന് ചുററലുകളിൽ കാലടികൾ അടുപ്പിച്ചു വെച്ച് കൊണ്ട് അല്പം വേഗതയിൽ നടക്കുക. ഇതിന് റംല് എന്ന് പറയുന്നു.

മേൽമുണ്ട് വലത് കക്ഷത്തിന് താഴെയാക്കി രണ്ടററങ്ങളും ഇടത് ചുമലിൽ വരത്തക്ക വിധം ത്വവാഫിൻെറ തുടക്കം മുതൽ അത് അവസാനിക്കും വരെ ധരിക്കുക. ഇതിന് ഇള്ത്വിബാഅ് എന്ന് പറയുന്നു.

ത്വവാഫിൽ അല്ലാഹുവിനെ സ്മരിക്കുകയും ദിക്റും തസ്ബീഹും ചൊല്ലുകയും ആവശ്യ മായതൊക്കെ ഭക്തിയോടെയും മനസ്സാ ന്നിധ്യത്തോടെയും പ്രാർത്ഥിക്കുക.
റുക്നുൽ യമാനിയുടെയും ഹജറുൽ അസ് വദിൻെറയും ഇടയിൽ എത്തുമ്പോഴെല്ലാം ഇങ്ങനെ പ്രാർത്ഥിക്കുക.

رَبَّـــنَا آتِـــنَا فِي الدُّنْـــيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النار

(ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങൾക്ക് ഈ ലോകത്ത് നന്മ തരേണമെ, പര ലോകത്തും നന്മ തരേണമേ, നരക ശിക്ഷ യിൽ നിന്ന് നീ ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ. ))

ഹജറുൽ അസ്വദിൻെറ നേരെ എത്തു മ്പോഴെല്ലാം തക്ബീർ ചൊല്ലുക.

ത്വവാഫിൻെറ ഓരോ ചുററലിലും പ്രത്യേ കം പ്രാർഥ്നകൾ ചൊല്ലുന്നതിന് നബി

ചര്യയിൽ തെളിവില്ല. മാത്രമല്ല അത് നവീന ദുരാചാര(ബിദ്അത്ത)മാണ്.

5- ത്വവാഫ് ഏഴു തവണ പൂർത്തിയാക്കിയ ശേഷം മഖാമുഇബ്റാഹീമിൻെറ പിൻഭാഗത്ത് വെച്ച് ത്വവാഫിൻെറ സുന്നത്ത് രണ്ട് റക്അത്ത് നമസ്കരിക്കുക. അത് ദൂരെ വെച്ചാണെങ്കിലും ശരി. ആ നമസ്കാരത്തിൽ ഫാതിഹക്ക് ശേഷം ഒന്നാമത്തെ റക്അത്തിൽ ഖുൽ യാഅയ്യുഹൽ കാഫിറൂനയും രണ്ടാമത്തെതിൽ ഖുൽ ഹുവല്ലാഹു അഹദും ഓതുക.

6- അനന്തരം ഏഴ് പ്രാവശ്യം സഅ്യ് ചെയ്യുക. അത് സ്വഫയിൽ നിന്നാരംഭിക്കുകയും മർവയിൽ അവസാനിപ്പിക്കുകയും ചെയ്യുക.
അവ രണ്ടിലും കയറി ഖിബ്ലക്ക് തിരിഞ്ഞു നിന്ന് കൈകളുയർത്തി അല്ലാഹുവെ സ്തുതിക്കുകയും പ്രാർത്ഥിക്കുകയും ദിക്ർ ചൊല്ലുകയും ചെയ്യൽ സുന്നത്താണ്.

(( ഇതാണ് ദിക്ർ:

**ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു, യുഹ്യീ വയുമീതു വഹുവ അലാ കുല്ലി ശയ്ഇൻ ഖദീർ, ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വ നസ്വറ അബ്ദഹു, വഹസമൽ അഹ്സാബ വഹ്ദഹു** (അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകൻ. രാജാധിപത്യവും സ്തുതിയും അവനാണ്. ജിവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകൻ. തൻെറ വാഗ്ദാനം അവൻ നിറവേററി. തൻെറ ദാസനെ സഹായിച്ചു. ശത്രു സൈന്യങ്ങളെ അവൻ ഒററക്കു പരാജയപ്പെടുത്തി. ഇത് മൂന്ന് പ്രാവശ്യം ചൊല്ലുക.

അതിനിടയിൽ വേണ്ടതൊക്കെ പ്രാർത്ഥിക്കുക. - വിവർത്തകൻ ))

പച്ച നിറത്തിൽ പ്രകാശിക്കുന്ന തൂണുകൾക്കിടയിൽ കഴിയുന്നത്ര വേഗത്തിൽ ഓടുന്നത് പുരുഷന് സുന്നത്താണ്.

7- ഏഴാമത്തെ തവണ സഅ്യ് മർവയിൽ പൂർത്തിയാക്കിയ ശേഷം തലമുടിയെടുക്കുക. പുരുഷൻ മുടി മൊത്തത്തിൽ വെട്ടുക. സ്ത്രീ തലമുടി മൊത്തം കൂട്ടിപിടിച്ച് അററത്ത് നിന്ന് ഒരു വിരൽ നീളത്തിൽ വെട്ടുക.

ഇതോടെ ഉംറ കർമ്മം പൂർത്തിയായി. ശേഷം സുഗന്ധം, വസ്ത്രം, സംയോഗം തുടങ്ങിയവയൊക്കെ ഇഹ്റാമിന് മുമ്പത്തെ പോലെ സാധാരണ ഗതിയിൽ അനുവദനീയമാണ്.

# ഹജ്ജ്

1-ദുൽഹജ്ജ് എട്ടിന് (തർവിയ ദിനം) താമസിക്കുന്നിടത്ത് വെച്ച് ഹജ്ജിന് ഇഹ്റാം ചെയ്യുക. ഹജ്ജിന് ഇഹ്റാം ചെയ്യുമ്പോൾ ഉംറയുടെ ഇഹ്റാമിന് വേണ്ടി മുമ്പ് ചെയ്ത പോലെ കുളിക്കുക, സുഗന്ധം പൂശുക, ഇഹ്റാമിൻെറ വസ്ത്രം ധരിക്കുക എന്നിവ ചെയ്യുക.

2- ശേഷം ഹജ്ജിൽ പ്രവേശിക്കുന്നു എന്ന് കരുതി **ലബ്ബൈക ഹജ്ജൻ** എന്ന് ഉൾപ്പെടുത്തി തൽബിയ്യത്ത് ചൊല്ലുക:

**لبيك اللهم لبيك، لبيك لاشريك لك لبيك، ان الحمد والنعمة لك والملك، لاشريك لك لبيك اللهم حجا**

തൽബിയത്ത് പുരുഷൻ ഉച്ചത്തിലും സ്ത്രീ പതുക്കെയും ചൊല്ലണം.

അത് പെരുന്നാൾ ദിനം ജംറത്തുൽ അഖബ യിൽ കല്ലെറിയുന്നത് വരെ ആവർത്തിച്ച് ചൊല്ലിക്കൊണ്ടിരിക്കണം. കല്ലെറിയുന്നതോ ടെ തൽബിയത്ത് അവസാനിച്ചു.

3- ശേഷം മിനയിലേക്ക് പോവുക. ദുഹ്റ്, അസ്വ്റ്, മഗ്രിബ്, ഇശാഅ്, സുബ്ഹി എന്നീ നമസ്കാരങ്ങൾ അതാ തിൻെറ സമയത്ത് നിർവ്വഹിക്കുക. നാല് റക്അത്തുള്ള നമസ്കാരം രണ്ടാ യി ചുരുക്കി നമസ്കരിക്കുക. ഇവിടെ ചേർത്ത് നമസ്കരിക്കലില്ല.

4- അറഫ ദിനം ഒമ്പതിന് സൂര്യനുദി ച്ചാൽ ഹാജി മിനയിൽ നിന്ന് അറഫയി ലേക്ക് പോകണം. ഉച്ചക്ക് മുമ്പ് സൗകര്യ

പ്പെട്ടാൽ (അറഫയുടെ പടിഞ്ഞാറ് ഭാഗത്തുള്ള) **നമിറ**യിൽ ഇറങ്ങൽ സുന്നത്താണ്. അവിടെ ഇറങ്ങിയില്ലെങ്കിൽ പ്രശ്നമില്ല. നേരിട്ട് അറഫയിലേക്ക് പോയാൽ മതി. സൂര്യൻ മധ്യത്തിൽ നിന്ന് നീങ്ങി ദുഹ്റായാൽ ദുഹ്റും അസ്വറും രണ്ട് റക്അത്ത് വീതം ചുരുക്കിയും ദുഹ്റിൻെറ സമയത്തേക്ക് മുന്തിച്ചും കൂട്ടി നമസ്കരിക്കണം.

ശേഷം പ്രാർത്ഥനയിലും ദിക്റിലും മുഴുകണം. കൈകളുയർത്തി ഖിബ്ലയിലേക്ക് തിരിഞ്ഞ് പ്രാർത്ഥിക്കണം. അറഫ മല ഹാജിയുടെ പിന്നിലായാലും ശരി. ഇത് സൂര്യൻ അസ്തമിക്കുന്നത് വരെ തുടരണം.

(( നബി(സ) അറഫയിൽ അധികം ചൊല്ലിയത് ഇതാണ്.

لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ
وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

**ലാഇലാഹ ഇല്ലല്ലാഹു, വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു, വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ഖദീർ.** എന്നതാണ്. പകലിൻെറ അവസാന ഘട്ടം പൂർണ്ണമായും പ്രാർത്ഥനക്ക് ഉപയോഗപ്പെടുത്തണം. വിവ: ))

**5- അന്ന് സൂര്യൻ അസ്തമിച്ചാൽ അവിടെ നിന്ന് മുസ്ദലിഫയിലേക്ക് ശാന്തമായി പോകണം. മുസ്ദലിഫയിൽ ചെന്ന് മഗ്രിബ് മൂന്നും ഇശാഅ് രണ്ടുമായി ചേർത്ത് നമസ്കരിക്കണം.**

**അന്ന് രാത്രി മുസ്ദലിഫയിൽ താമസിക്കണം. സുബ്ഹി നമസ്കരിച്ചാൽ പ്രഭാതം നന്നായി പുലരുവോളം ദിക്റിലും പ്രാർത്ഥനയിലുമായിട്ടവിടെ കഴിയണം.**

6- പ്രഭാതം നല്ല പോലെ പുലർന്നാൽ മുസ്ദലിഫയിൽ നിന്ന് സൂര്യോദയത്തിന് മുമ്പ് മിനയിലേക്ക് പുറപ്പെടണം.

മിനയിലെത്തിയാൽ കടലമണിയേക്കാൾ അല്പം വലിപ്പമുള്ള ഏഴ് കല്ലുകൾ എടുക്കണം. ആ ഏഴ് കല്ലുകളിൽ ഓരോന്നു കൊണ്ടും ഒന്നിനു പിറകെ ഒന്നായി ജംറത്തുൽ അഖബയിൽ എറിയണം. ഓരോ കല്ലെറിയുമ്പോഴും അല്ലാഹുവിനെ വന്ദിച്ചും ഭക്തിയോടെയും തക്ബീർ ചൊല്ലണം.

കല്ലേറിൽ നിന്ന് വിരമിച്ചാൽ ബലി അറുക്കണം. പിന്നീട് പുരുഷൻ തലമുടി കളയുകയോ വെട്ടുകയോ ചെയ്യണം. മുണ്ഡനമാണ് ശ്രേഷ്ഠം. സ്ത്രീ ഒരു വിരൽ നീളത്തിൽ തലമുടി വെട്ടണം. കല്ലേറും മുടിയെടുക്കലും കഴിഞ്ഞാൽ ഹജ്ജിൽ നിന്നുള്ള ആദ്യ വിരമിക്കലായി. സാധാരണ വസ്ത്രം ധരിക്കുക, സുഗന്ധം പൂശുക തുടങ്ങിയ ഇഹ്റാമിന് മുമ്പ് അനുവദിക്ക

പ്പെട്ടവ ചെയ്യാവുന്നതാണ്. എന്നാൽ ഭാര്യയുമായിട്ടുള്ള ബന്ധം രണ്ടാമത്തെ വിരമിക്കലിന് ശേഷമെ അനുവദിക്കപ്പെടുകയുള്ളൂ.
പിന്നീട് മക്കയിലേക്ക് പോവുകയും ഹജ്ജിന്റെ ത്വവാഫും സഅ്യും ചെയ്യുകയും വേണം. അത് രണ്ടും ചെയ്യേണ്ടത് മുമ്പ് ഉംറയിൽ വിവരിച്ച രൂപത്തിലാണ്. എന്നാൽ റംലും ഇദ്ത്വിബാഉമില്ല. അത് രണ്ടും മക്കയിലെത്തിയ ശേഷം ആദ്യം ചെയ്യുന്ന ത്വവാഫിലെയുള്ളൂ. ജംറത്തുൽ അഖബയിൽ കല്ലെറിയുകയും മുടിയെടുക്കുകയും ചെയ്ത് ത്വവാഫും സഅ്യും ചെയ്താൽ ഹജ്ജിൽ നിന്ന് രണ്ടാമത്തെ വിരമിക്കലായി. ഇതോടെ ഭാര്യയുമായുള്ള ബന്ധമടക്കം ഇഹ്റാമിൽ നിഷിദ്ധമായതെല്ലാം അനുവദനീയമാണ്.

**പെരുന്നാൾ ദിനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ:**

- ജംറത്തുൽ അഖബയിൽ കല്ലെറിയുക.
- ഹദ്യ് അറക്കുക.
- മുടി കളയുക അല്ലെങ്കിൽ വെട്ടുക

- ത്വവാഫും സഅ്യും ചെയ്യുക.

ഈ കാര്യങ്ങൾ മേൽ പറഞ്ഞ ക്രമത്തിൽ ചെയ്യലാണ് സുന്നത്ത്. അസൗകര്യമുണ്ടെങ്കിൽ അവയിൽ ചിലതിനെ മററു ചിലതിനേക്കാൾ മുന്തിക്കുന്നതിന് വിരോധമില്ല.

7- അന്നും അടുത്ത ദിവസവും മിനയിൽ രാത്രി താമസിക്കുകയും ചെയ്യണം.
8- ദുൽഹജ്ജ് പതിനൊന്നിനും പന്ത്രണ്ടിനും ദുഹ്റായ ശേഷം മൂന്ന് ജംറകളിൽ കല്ലെറിയണം.
ആദ്യം പ്രഥമ (സുഗ്റാ) ജംറയിൽ -മസ്ജിദുൽ ഖയ്ഫിനടുത്തതും മക്കയിൽ നിന്ന് അകലെയുള്ളതുമാണത് - ഏഴ് കല്ലുകളിൽ ഓരോന്നുകൊണ്ടും ഒന്നിനു പിറകെ ഒന്നായി എറിയണം. ഓരോ കല്ലെറിയുമ്പോഴും തക്ബീർ ചൊല്ലണം.
പിന്നീട് അൽപം മുന്നോട്ട് മാറി നിന്ന് പ്രാർത്ഥിക്കുക.

പിന്നീട് മധ്യത്തിലുള്ള ജംറത്തുൽ വുസ്ത്വയിൽ ഏഴ് കല്ല് എറിയുക. ഓരോ കല്ലെറിയുമ്പോഴും തക്ബീർ ചൊല്ലുക. ഇവിടെയും പ്രാർത്ഥിക്കണം.
പിന്നീട് ജംറത്തുൽ അഖബ (കുബ്റാ) യിൽ ഏഴ് കല്ലുകൾ ഓരോന്നിനോടൊപ്പവും തക്ബീർ ചൊല്ലിക്കൊണ്ട് എറിയുക. ശേഷം ഇവിടെ പ്രാർത്ഥനയില്ല.

9- പന്ത്രണ്ടിന് മൂന്ന് ജംറകളിലും എറിഞ്ഞാൽ ഉദ്ദേശിക്കുന്നെങ്കിൽ അന്ന് രാത്രിയും മിനയിൽ താമസിക്കുകയും പതിമൂന്നിന് ദുഹ്റായ ശേഷം മൂന്ന് ജംറകളിൽ എറിയുകയും ചെയ്യുക. അതാണ് കൂടുതൽ ശ്രേഷ്ഠം. അത് നബി(സ) ചെയ്തതാണ്. അതിൽ സൽകർമ്മം വർദ്ധിപ്പിക്കലുമുണ്ട്. ഇനി അവൻ ഉദ്ദേശിക്കുന്നെങ്കിൽ പന്ത്രണ്ടിന് മൂന്ന് ജംറകളിൽ എറിഞ്ഞ് കൊണ്ട് മതിയാക്കി അന്ന് മഗ്രിബിന് മുമ്പ് മിനയിൽ നിന്ന് തിരിച്ചു പോകാവുന്നതാണ്.

ഈ ദിവസങ്ങളിലെ രാപ്പകലുകളിൽ തക് ബീറും ദിക്റും വർദ്ധിപ്പിക്കൽ അത്യാവ ശ്യമാണ്. അല്ലാഹു പറഞ്ഞു: നിങ്ങൾ എണ്ണ പ്പെട്ട ദിനങ്ങളിൽ അല്ലാഹുവിനെ സ്മരി ക്കുക. (അൽബഖറ: 203) നബി(സ) പറഞ്ഞു: അയ്യാമുത്തശ്രീഖ് (ദുൽഹജ്ജ് 11, 12, 13 ) ഭക്ഷിക്കാനും പാനം ചെയ്യാനും പ്രതാപിയും മഹാനുമായ അല്ലാഹുവിനെ സ്മരിക്കാനുമു ള്ള ദിനമാണ്. (മുസ്ലിം: അയ്യാമുത്തശ്രീഖി ൽ വ്രതം നിഷിദ്ധമാണ്. ന: 1141)

ഇതോടെ ഹജ്ജ് പൂർത്തിയായി

# വിദാഇന്റെ ത്വവാഫ്

ഹാജി ഹജജിന്റെ കർമ്മങ്ങളെല്ലാം പൂർ ത്തിയാക്കി നാട്ടിലേക്ക് തിരിച്ചു പോകുമ്പോ ൾ വിടവാങ്ങൾ ത്വവാഫ് ചെയ്യൽ നിർബ്ബ ന്ധമാണ്. ഇതാണ് അയാളുടെ അവസാന കർമ്മം (( ഈ ത്വവാഫ് ഏഴ് തവണയാണ്. നബി(സ) പറഞ്ഞു: അവസാനം കഅ്ബ ത്വവാഫ് ചെയ്യുന്നത് വരെ നിങ്ങളിലൊരാ

ളും യാത്ര തിരിക്കരുത്. വിവ: )) എന്നാൽ ആർത്തവകാരികൾക്കും പ്രസവ രക്തമുള്ള വൾക്കും ഈ ത്വവാഫ് നിർബ്ബന്ധമില്ല. ഇബ്നു അബ്ബാസ് (റ) പറഞ്ഞു: അവസാനം കഅ്ബ ത്വവാഫ് ചെയ്യാൻ ജനങ്ങൾ കൽപിക്കപ്പെട്ടു. എന്നാൽ ആർത്തവകാരിക്ക് അതിൽ ഇളവ് നൽകപ്പെട്ടിരിക്കുന്നു. (ബുഖാരി വിദാഇൻെറ ത്വവാഫ് 1755)

# ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ

1) തലമുടി കളഞ്ഞോ അല്ലാതെയോ നീക്കരുത്. അതിൽ ശരീരത്തിലെ മററു മുടികളെയും ഭൂരിപക്ഷപണ്ഡിതരും ഉൾപ്പെടുത്തിയിട്ടുണ്ട്.

2) കൈയുടെയോ കാലിൻെറയോ നഖം വെട്ടരുത്. ഇതിന് തലമുടിയുടെ വിധിയാണ് ഭൂരിപക്ഷ പണ്ഡിതരും നൽകിയത്. കാരണം രണ്ടും ആഢംബരത്തിൽ പെടുന്നതാണ്.

3) ഇഹ്റാമിന് ശേഷം ശരീരത്തിലോ വസ്ത്രത്തിലോ ഭക്ഷണത്തിലോ പാനീയത്തിലോ സുഗന്ധം ഉപയോഗിക്കരുത്.

4) കയ്യുറ ധരിക്കരുത്.

5) സ്പർശനം, ചുംബനം തുടങ്ങിയ ശൃംഗാരം അരുത്.

പ്രസ്തുത അഞ്ച് കാര്യങ്ങളിലേതെങ്കിലും ചെയ്താൽ പ്രായശ്ചിത്തം ചെയ്യണം. തലമുടിയുടെ കാര്യം അല്ലാഹു ഖുർആനിൽ

പറഞ്ഞു. മററുള്ളവയെ അതിനോട് തുലനം ചെയ്തതാണ്. മൂന്ന് ദിനം വ്രതമെടുക്കുക. അല്ലെങ്കിൽ ആറ് പാവപ്പെട്ടവർക്ക് അര സ്വാഅ് (ഒരു കിലോ വിവ:) വീതം ഭക്ഷണം കൊടുക്കുക. അല്ലെങ്കിൽ ഒരു ആടിനെ അറുക്കുക. ഇവയിൽ ഇഷ്ടമുള്ളത് തെര ഞ്ഞെടുക്കാവുന്നതാണ്. മാംസവും ഭക്ഷണ വും മക്കയിലോ നിഷിദ്ധമാക്കപ്പെട്ട കാര്യം ചെയ്തിടത്തോ ഉള്ള പാവപ്പെട്ടവർക്ക് വിതരണം ചെയ്യണം.

6) സംയോഗം

അത് ആദ്യ വിരമിക്കലിന് മുമ്പ് സംഭവി ച്ചാൽ നാല് കാര്യങ്ങൾ അനിവാര്യമാകും.

ആ കർമ്മം നിഷ്ഫലമായിത്തീരും.

ആ കർമ്മം പൂർത്തിയാക്കൽ നിർബ്ബന്ധ വുമാണ്.

അടുത്തവർഷം അത് ഖദാഅ് വീട്ടൽ നിർ ബ്ബന്ധമാണ്.

ഒരു ഒട്ടകത്തെ അറുത്ത് മക്കയിലോ സംയോഗം നടന്നിടത്തോ ഉള്ള പാവങ്ങൾ ക്ക് വിതരണം ചെയ്യണം.

7) വിവാഹം നടത്തരുത്. ഇതിന് പ്രായശ് ചിത്തമില്ല. എന്നാൽ വിവാഹം നിഷ്ഫലമാ കുന്നതാണ്. ഇഹ്റാമിലുള്ളയാൾ ഭർത്താ വോ ഭാര്യയോ രക്ഷാധികാരിയോ അവർ ഏൽപിച്ചയാളോ ആരായാലും ശരി .

8) കരയിലെ വന്യ ജീവിയെ വേട്ട പിടി ക്കരുത്. അതിനുള്ള പരിഹാരം തുല്ല്യമായ ഒരു ഉരുവിനെ അറുത്ത് ഹറമിലെ ദരിദ്ര ർക്ക് വിതരണം ചെയ്യുകയോ അല്ലെങ്കിൽ അതിൻെറ വിലക്കുള്ള ഭക്ഷണം അവർക്ക് വിതരണം ചെയ്യുകയോ വേണം. അല്ലെ ങ്കിൽ ഓരോ പാവപ്പെട്ടവന് ഭക്ഷണം കൊടുക്കുന്നതിന് പകരം ഓരോ ദിവസവും നോമ്പെടുക്കുക.

പ്രസ്തുത എട്ടെണ്ണം പുരുഷന്മാർക്കും സ്ത്രീകൾക്കും നിഷിദ്ധമാണ്.

## പുരുഷന്മാർക്ക് മാത്രം നിഷിദ്ധമായത്:

1- തലയിൽ ചേർന്നുനിൽക്കുന്ന വല്ലതും കൊണ്ട് തല മറക്കുക. ചേർന്നു നിൽക്കു

ന്നതല്ലാത്തത് കൊണ്ടാണെങ്കിൽ പ്രശ്നമില്ല. ടെൻറ്, കുട, വാഹനം, ബാഗ് തുടങ്ങിയവ കൊണ്ട് തണൽ കൊള്ളുന്നത് വിരോധമുള്ളതല്ല.

2- ഷർട്ട്, ഷൂസ്, പാൻറ് തുടങ്ങിയ ശരീരാകൃതിയിലോ അല്ലെങ്കിൽ ശരീരത്തിൻെറ ഒരു ഭാഗത്തിൻെറയോ ഒരു അവയവത്തിൻെറയോ രൂപത്തിൽ തയിച്ചുണ്ടാക്കിയത് ധരിക്കുക. എന്നാൽ ചെരിപ്പില്ലെങ്കിൽ ഷൂസും തുണിയില്ലെങ്കിൽ പാൻറും ധരിക്കാവുന്നതാണ്. എന്നാൽ കഷ്ണം വെച്ച മേൽ മുണ്ട്, തുണി എന്നിവ ധരിക്കുന്നതിൽ വിരോധമില്ല.

മോതിരം, കണ്ണട, വാച്ച്, ഇയർ ഫോൺ, സഞ്ചി തുടങ്ങിയവ ധരിക്കുന്നത് അനുവദനീയമാണ്.

## സ്ത്രീകൾക്ക് മാത്രം നിഷിദ്ധമായത്:

മുഖം മറക്കൽ. അത് ഏത് രൂപത്തിലായാലും ശരി അനുവദനീയമല്ല. ചിലർ പറഞ്ഞു:

വിരോധിക്കപ്പെട്ടത് നിഖാബ് (കണ്ണ് വെളി വാകുന്നത്) എന്ന മുഖാവരണം ധരിക്കു ന്നത് മാത്രമാണ്. എന്നാൽ നല്ലത് മുഖം തീരെ മറക്കാതിരിക്കലാണ്. അന്യ പുരുഷ ന്മാരുടെ സാന്നിധ്യത്തിൽ ഇഹ്റാമിലാണെ ങ്കിലും മറക്കണം.
ഇവകൾക്കുള്ള പ്രായശ്ചിത്തം മുമ്പ് പറഞ്ഞ അഞ്ചെണ്ണത്തിൻെറത് പോലെയാണ്. ആ പ്രായശ്ചിത്തങ്ങളിൽ ഇഷ്ടമുള്ളത് തെര ഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

## അവ ചെയ്യുന്നവരുടെ വിധി

ഇഹ്റാമിൽ നിഷിദ്ധമാക്കപ്പെട്ടത് ചെയ്യു ന്നതിന് മൂന്ന് അവസ്ഥകളുണ്ട്.

**ഒന്ന്:** നിഷിദ്ധമാക്കപ്പെട്ടത് ആവശ്യമില്ലാ തെയും കാരണമുണ്ടാകാതെയും ചെയ്യുക. അപ്പോൾ അയാൾ കുററക്കാരനും പ്രായ ശ്ചിത്തം ചെയ്യേണ്ടതുമാണ്.

**രണ്ട്:** ആവശ്യത്തിന് വേണ്ടി ചെയ്യുന്നവൻ. അയാൾക്ക് കുററമില്ല. എന്നാൽ പ്രായശ് ചിത്തം ചെയ്യണം. അല്ലാഹു പറഞ്ഞു: നിങ്ങളിൽ നിന്നാരെങ്കിലും രോഗിയാവുക യോ അല്ലെങ്കിൽ അയാളുടെ തലയിൽ ഉപദ്രവമുണ്ടാവുകയോ ചെയ്താൽ വ്രത മോ അല്ലെങ്കിൽ ദാനമോ അല്ലെങ്കിൽ ബലിയോ പ്രായശ്ചിത്തമായി ചെയ്യണം. (അൽബഖറ: 196) അതിനാൽ ഭയപ്പെ ടേണ്ട വിധം ചൂടോ തണുപ്പോ ഉണ്ടായതി നാൽ തല മറക്കൽ ആവശ്യമാണെങ്കിൽ അവനത് ചെയ്യൽ അനുവദനീയമാണ്. മേൽ പറഞ്ഞ ഏതെങ്കിലുമൊരു പ്രായശ് ചിത്തം അവൻ ചെയ്യണം.

**മൂന്ന്:** അറിവില്ലായ്മ, മറവി, നിർബ്ബന്ധി താവസ്ഥ, ഉറക്കം എന്നീ കാരണത്താൽ വിട്ടുവീഴ്ചയുള്ളയാൾ നിഷിദ്ധമാക്കപ്പെട്ടത് ചെയ്യുക. അയാൾക്ക് അതിൽ കുററമില്ല. പ്രായശ്ചിത്തവുമില്ല. ഖുർആൻ പറഞ്ഞു: ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് മറവി

സംഭവിച്ചതിനാലോ അല്ലെങ്കിൽ അബദ്ധം വന്നതിനാലോ നീ ഞങ്ങളെ ശിക്ഷിക്കരുതെ (അൽബഖറ: 286) നബി(സ) പറഞ്ഞു: അല്ലാഹു എന്റെ സമുദായത്തിന് അബദ്ധവും മറവിയും നിർബ്ബന്ധിക്കപ്പെട്ടതും വിട്ടു കൊടുത്തിരിക്കുന്നു. ( ഇബ്നു മാജ നിർബ്ബന്ധിതന്റെയും മറന്നവന്റെയും ത്വലാഖ് 2043, ത്വബ്റാനീ )

എന്നാൽ ആ കാരണം ഇല്ലാതാവുകയും അവൻ ചെയ്യുന്നത് വിലക്കപ്പെട്ടതാണെന്ന് അറിയുകയും ചെയ്തു, അല്ലെങ്കിൽ അയാൾക്ക് അത് ഓർമ്മ വന്നു, അല്ലെങ്കിൽ നിർബ്ബന്ധിതാവസ്ഥ ഇല്ലാതായി, അല്ലെങ്കിൽ ഉറക്കിൽ നിന്നുണർന്നു എങ്കിൽ അയാൾ വിലക്കപ്പെട്ടതിൽ നിന്ന് പെട്ടെന്ന് ഒഴിവാകണം.

# മസ്ജിദുന്നബവി സന്ദർശനം

മക്കയിലെ മസ്ജിദുൽ ഹറാം, മദീനയിലെ മസ്ജിദുന്നബവി, ബൈതുൽ മുഖദ്ദസിലെ മസ്ജിദുൽ അഖ്സാ എന്നീ തീർത്ഥ യാത്ര അനുവദിക്കപ്പെട്ട മൂന്ന് പള്ളികളിലൊന്നാണ് മസ്ജിദുന്നബവി. അവിടെ വെച്ച് നമസ്ക രിക്കുന്നതിന് ഇതര പള്ളികളിലേതിനേക്കാ ൾ ആയിരം ഇരട്ടി പ്രതിഫലമുണ്ട്. മക്കയി ലെ മസ്ജിദുൽ ഹറാമിലൊഴികെ. മസ്ജിദു ൽഹറാമിലെ നമസ്കാരത്തിന് ഒരു ലക്ഷ മാണ് പ്രതിഫലം. അതിനാൽ മസ്ജിദുന്നബ വിയിൽ നമസ്കരിക്കാൻ വേണ്ടി സന്ദർ ശിക്കൽ എല്ലാ സമയത്തും സുന്നത്താണ്. അതിന് ഹജ്ജുമായോ ഹജ്ജ് കർമ്മവുമാ യോ ബന്ധമില്ല. അത് സന്ദർശിച്ചില്ലെങ്കി ലും ഹജ്ജ് പൂർണ്ണമാവുന്നതാണ്. ഹജ്ജി ൻെറ പ്രതിഫലം കുറയുന്നതുമല്ല. എന്നാൽ ജനങ്ങൾ രണ്ടും ഒരു യാത്രയിൽ സൗകര്യാ

ർത്ഥം ചെയ്യുന്നതാണ്. പ്രത്യേകിച്ചും വിദൂര രാജ്യങ്ങളിൽ നിന്ന് വരുന്നവർ.

പള്ളിയിലെത്തിയാൽ ഉദ്ദേശിച്ചത് നമസ്ക രിക്കുക. പിന്നീട് നബി(സ)യുടെ ഖബറിട ത്തിലേക്ക് പോവുകയും അതിൻെറ മുന്നിൽ നിന്ന് സലാം പറയുകയും ചെയ്യുക. “അസ്സലാമു അലയ്ക അയ്യുഹന്നബിയ്യു വറഹ്മത്തുല്ലാഹി വബറകാതുഹു, അല്ലാഹു മ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാസ്വല്ലയ്ത അലാ ഇബ്റാ ഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ് വബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ് എന്ന് പറയുക.

ശേഷം അല്പം വലത്തോട്ട് മുന്നിലേക്ക് നിന്ന് അബൂബകർ(റ)നോട് സലാം പറയു ക. “അസ്സലാമു അലയ്ക യാ അബാബകർ

ഖലീഫതു റസൂലില്ലാഹ് വറഹ്മതുല്ലാഹി വബറകാതുഹു, അല്ലാഹു താങ്കളെ തൃപ്തി പ്പെടുകയും നബി(സ)യുടെ സമുദായത്തിന് വേണ്ടി ഉത്തമമായ പ്രതിഫലം താങ്കൾക്ക് നൽകുകയും ചെയ്യട്ടെ " എന്ന് പറയുക.

ശേഷം അല്പം വലത്തോട്ട് മുന്നിലേക്ക് നിന്ന് ഉമർ(റ)വിനോട് സലാം പറയുക. “അസ്സലാമു അലയ്ക യാ ഉമർ അമീറുൽ മുഅ്മിനീൻ വറഹ്മതുല്ലാഹി വബറകാതു ഹു, അല്ലാഹു താങ്കളെ തൃപ്തിപ്പെടുകയും നബി(സ)യുടെ സമുദായത്തിന് വേണ്ടി ഉത്തമമായ പ്രതിഫലം താങ്കൾക്ക് നൽകുക യും ചെയ്യട്ടെ” എന്ന് പറയുക.

വുദു ചെയ്ത് ശുദ്ധിയായി ഖുബാ പള്ളി യിലേക്ക് പോവുകയും അതിൽ നമസ്ക രിക്കുകയും ചെയ്യുക. ((അതിലെ ഒരു നമസ്കാരത്തിന് ഉംറയുടെ പ്രതിഫലമുണ്ട്. വിവ:))

മദീനയിലെ മഖ്ബറയായ ബഖീഇലേക്ക് പോവുകയും ഉസ്മാൻ(റ)വിൻെറ ഖബർ സന്ദർശിക്കുകയും അദ്ദേഹത്തിന് സലാം പ റയുകയും ചെയ്യുക. “അസ്സലാമു അലയ്ക യാ ഉസ്മാൻ അമീറുൽ മുഅ്മിനീൻ വറഹ്മതുല്ലാഹി വബറകാതുഹു, അല്ലാഹു താങ്കളെ തൃപ്തിപ്പെടുകയും നബി(സ)യുടെ സമുദായത്തിന് വേണ്ടി ഉത്തമമായ പ്രതിഫ ലം താങ്കൾക്ക് നൽകുകയും ചെയ്യട്ടെ” എന്ന് പറയുക.

ബഖീഇലുള്ള എല്ലാവർക്കും വേണ്ടി സലാം പറയുകയും അവർക്ക് പാപമോചനത്തിനും കാരുണ്യത്തിനും വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക.

ഉഹ്ദിലേക്ക് പോവുകയും നബി(സ)യുടെ പിതൃവ്യൻ ഹംസ(റ)വിൻെറയും അദ്ദേഹ ത്തോടൊപ്പമുള്ള രക്ത സാക്ഷികളായ ശുഹദാക്കളുടെയും ഖബർ സന്ദർശിക്കു കയും സലാം പറയുകയും അവർക്ക് പാപ

മോചനത്തിനും കാരുണ്യത്തിനും തൃപ്തി ക്കും വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥി ക്കുകയും ചെയ്യുക.

സ്ത്രീകൾ നബിസയുടെയോ മറേറാ ഖബർ സന്ദർശിക്കേണ്ടതില്ല.

മദീനയിൽ മേൽ പറഞ്ഞതല്ലാത്ത സന്ദർ ശനം നിയമമാക്കപ്പെട്ട പള്ളികളോ മറേറാ വേറെയില്ല.

നബി(സ)ക്കും കുടുംബത്തിനും അനുചരർ ക്കും അല്ലാഹുവിൻെറ രക്ഷയും സമാധാന വും പ്രദാനം ചെയ്യട്ടെ. അല്ലാഹുവിൻെറ അനുഗ്രഹം എല്ലാവരിലും വർഷിക്കുമാറാ കട്ടെ.